തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

നം. 3577/2019/അഡ്മിൻ (1) 22.08.2024

## <u>മലയാളസർവകലാശാലയുടെ ഭൂമിയിലെ തെങ്ങുകളിൽ നിന്നും ആദായം എടുക്കുന്നതിനുള്ള</u>
## <u>ക്വട്ടേഷൻ നോട്ടീസ്</u>

**വെട്ടം ഗ്രാമപഞ്ചായത്തിലെ വാർഡ് 32 ഉൾപ്പെട്ട 313, 315, 316, 340, 341 എന്നി സർവെ നമ്പറുകളിലുള്ള തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ ഉടമസ്ഥതയിലുള്ള 4.2070 ഹെക്ടർ ഭൂമിയിലുള്ള 260 തെങ്ങുകളിൽ നിന്നും 1 വർഷത്തേയ്ക്ക് ആദായം എടുക്കുവാൻ തയ്യാറുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.**

**നിബന്ധനകൾ**

1. തെങ്ങുകളിൽ നിന്ന് തേങ്ങയും മറ്റും സംഭരിക്കുന്നതിനുള്ള പാട്ടകാലാവധി ക്വട്ടേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷം കരാർ ഉടമ്പടി വെക്കുന്ന തിയതി മുതൽ 1 വർഷത്തേക്കായിരിക്കും.

2. സർവകലാശാല രജിസ്ട്രാറുടെ പേരിൽ മാറാവുന്ന 500/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ്/ ഡെപ്പോസിറ്റ് രസീതി, തിരിച്ചറിയൽ കാർഡിന്റെ കോപ്പി ഉൾപ്പടെ സീൽ ചെയ്ത ക്വട്ടേഷനുകൾ **04.09.2024ന് 2 മണിയ്ക്ക്** മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. കവറിന് പുറത്ത് മലയാളസർവകലാശാല ഉടമസ്ഥതയിലുള്ള **'തെങ്ങുകളിൽ നിന്ന് തേങ്ങ ശേഖരിക്കുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ **05.09.2024 ന് 2 മണിയ്ക്ക്** തുറക്കുന്നതും, ഏറ്റവും കൂടുതൽ തുക ക്വട്ടേഷനിൽ രേഖപ്പെടുത്തിയ വ്യക്തിക്ക്, ആവശ്യമായ നെഗോഷിയേഷൻ നടത്തിയ ശേഷം കരാർ ഉറപ്പിച്ചു നൽകുന്നതുമാണ്. ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

3. പാട്ട കരാർ ഉറപ്പിച്ച് കരാറുകാരന് നൽകുന്ന അനുമതി ലഭിച്ച് 3 ദിവസത്തിനകം ക്വട്ടേഷൻ തുകയും 5% ജി.എസ്.ടി.യും 1% സെസ്സും ഉൾപ്പെടെയുള്ള തുക തിരൂരിലുള്ള എസ്.ബി.ഐ. ബ്രാഞ്ചിലുള്ള സർവകലാശാല അക്കൗണ്ടിൽ അടച്ച രസീതി ഹാജരാക്കേണ്ടതാണ്. കൂടാതെ ക്വട്ടേഷൻ തുകയുടെ 10% വരുന്ന തുകയ്ക്കുള്ള ജാമ്യ നിക്ഷേപവും 200 രൂപയുടെ മുദ്രപത്രത്തിൽ എഴുതി തയ്യാറാക്കിയ സമ്മതപത്രവും സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

4. കാലാവധി പൂർത്തിയാകുന്നതിനുമുമ്പുള്ള അവസാനത്തെ തേങ്ങ പറിയ്ക്കൽ സർവകലാശാല എസ്റ്റേറ്റ് ഓഫീസറുടെ സാന്നിദ്ധ്യത്തിലും മേൽനോട്ടത്തിലുമായിരിക്കേണ്ട

തുടർച്ച........2

താണ്. പാകമാകാത്ത തേങ്ങയും ഇളനീരും മറ്റും ഉപയോഗിഎടുക്കുവാൻ അനുവദിക്കുന്നതല്ല. തെങ്ങ് മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടുള്ളതല്ല.

5. കരാറുകാരൻ തെങ്ങുകൾ നല്ല നിലയിൽ സംരക്ഷിക്കേണ്ടതും വർഷത്തിൽ കുറഞ്ഞതു ഒരു പ്രാവശ്യമെങ്കിലും വള പ്രയോഗം നടത്തേണ്ടതും പരിപാലിക്കേണ്ടതുമാണ്. എന്നാൽ നിർദ്ദിഷ്ട സ്ഥലത്തുള്ള മറ്റു മരങ്ങൾ വെട്ടുകയോ നശിപ്പിക്കുകയോ ചെയ്യരുത്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ കരാറിന്റെ ലംഘനമായി കണക്കാക്കി നടപടികൾ സ്വീകരിക്കാൻ സർവകലാശാലയ്ക്ക് അധികാരമുണ്ടായിരിക്കും.

6. സർവകലാശാലയ്ക്കുവേണ്ടി നിർദ്ദിഷ്ട സ്ഥലത്ത് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്ന സന്ദർഭത്തിൽ തെങ്ങുകൾ വെട്ടിമാറ്റപ്പെടുകയോ മാറ്റി വെക്കപ്പെടുകയോ ചെയ്യേണ്ടി വന്നാൽ കരാറുകാരനുണ്ടാകാവുന്ന നഷ്ടം കണക്കിലെടുത്ത് കരാറു തുകയും തെങ്ങുകളുടെ എണ്ണവും കരാർ അവസാനിക്കാൻ അവശേഷിക്കുന്ന കാലാവധിയുമടക്കം സർവകലാശാല പരിശോധിച്ച് നിയമാനുസൃതമായി നഷ്ടപരിഹാര തുക കരാറുകാരനു നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

7. കരാർ കാലയളവിൽ നിർദ്ദിഷ്ട ഭൂമിയിലുള്ള ഫലവൃക്ഷങ്ങൾക്ക് കരാറുകാരനോ, അദ്ദേഹത്തിന്റെ ജോലിക്കാരോ, ഏജന്റോ എന്തെങ്കിലും നാശനഷ്ടങ്ങൾ വരുത്തുകയാണെങ്കിൽ ആയത് കണക്കിലെടുത്ത് സർവകലാശാല നിശ്ചയിക്കുന്ന ന്യായമായ നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കാനുള്ള അവകാശം സർവകലാശാലയിൽ നിക്ഷിപ്തമായിരിക്കും.

8. പ്രകൃതി ക്ഷോഭങ്ങളുടെ ഫലമായി ഏതെങ്കിലും തെങ്ങോ/തെങ്ങുകളോ കടപുഴകി വീണാൽ ആയതിന് യാതൊരുവിധ നഷ്ട പരിഹാരവും സർവകലാശാല നൽകുന്നതായിരിക്കില്ല.

9. കരാർ വ്യവസ്ഥകൾക്ക് വിപരീതമായി എന്തെങ്കിലും നടപടികൾ കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായാൽ സർവകലാശാലയുമായുണ്ടാക്കിയ കരാർ അവസാനിപ്പിക്കുന്നതും കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾ ഓഫീസിൽ നേരിട്ടോ www.malayalamuniversity.edu.in/ muadmin@temu.ac.in ലഭ്യമാണ്,

രജിസ്ട്രാർ ഇൻ ചാർജ്

വി.സി. കാര്യാലയം/ മലയാളസർവകലാശാല വെബ്സൈറ്റ്/ഫിനാൻസ് വിഭാഗം/ പി.ആർ.ഒ./തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ജെ.ഡി., കെ.എസ്.എ.ഡി. മലയാളസർവ്വകലാശാല/ആഫീസ് രേഖ/ കരുതൽ രേഖ